## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2711** **06.11.2019-ൽ മറുപടിയ്ക്ക്**

## ശബരിമലയുടെ അടിസ്ഥാനസൗകര്യ വികസനം

**ചോദ്യം**
**ശ്രീ.രാജു എബ്രഹാം**

**മറുപടി**
**അഡ്വ. കെ.രാജു**
**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ശബരിമലയുടെ അടിസ്ഥാനസൗകര്യ വികസനത്തിന് എവിടെയൊക്കെയുള്ള എത്ര ഹെക്ടർ വനഭൂമിയാണ് ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിരിക്കുന്നത് എന്ന് അറിയിക്കുമോ; | (എ) | ശബരിമലയുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നിലവിൽ വിട്ടു നൽകിയ വനഭൂമിയ്ക്ക് പുറമെ, റോപ് വേ നിർമ്മിക്കുന്നതിന് 4.94 ഹെക്ടർ വനഭൂമിയും, കുന്നാർ ഡാമിന്റെ ഉയരം കൂട്ടുന്നതിനായി 0.665 ഹെക്ടർ വനഭൂമിയും ലഭ്യമാക്കുവാൻ ദേവസ്വം ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | വനഭൂമി വിട്ടുനൽകുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചി ട്ടുള്ളത്; ഇതിനായി ഇനി എന്തൊക്കെ നടപടികൾ പൂർത്തിയാക്കാനുണ്ട്; വിശദാം ശങ്ങൾ ലഭ്യമാക്കാമോ; | (ബി) | റോപ് വേ നിർമ്മിക്കുന്നതിനായി അപേക്ഷ നൽകിയത് സ്വകാര്യ ഏജൻസിയാണ്. യൂസർ ഏജൻസിയായ തിരുവിതാംകൂർ ദേവസ്വം ബോർഡ് വഴി അപേക്ഷ നൽകുന്നതിലേയ്ക്കായി പ്രസ്തുത അപേക്ഷ തിരികെ നൽകിയിട്ടുള്ളതാണ്. കുന്നാർ ഡാമിന്റെ ഉയരം കൂട്ടുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനായി യൂസർ ഏജൻസിയായ തിരുവിതാംകൂർ ദേവസ്വം ബോർഡിലേക്ക് തിരികെ നൽകിയിട്ടുള്ളതാണ്. പൂർണ്ണമായ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിസ്ഥിതി ആഘാത പഠനം ഉൾപ്പെടെയുള്ളവയ്ക്ക് വിധേയമായി അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | എന്നത്തേക്ക് ഈ ഭൂമി വിട്ടുനൽകാനാകുമെന്ന് അറിയിക്കാമോ? | (സി) | പൂർണ്ണമായ അപേക്ഷ ലഭ്യമായാൽ വനം വകുപ്പിന്റെ അഭിപ്രായം സംസ്ഥാന വന്യജീവി ബോർഡിന് സമർപ്പിച്ച്, ബോർഡിന്റെ ശിപാർശയോടുകൂടി കേന്ദ്ര വന്യജീവി ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതുമാണ്. പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഭൂമി വിട്ടു നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**